# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26
# GHSS വാണിയമ്പലം

Type OF SCHOOL : Govt
NAME OF HM: Sajitha P
Name of principal:Anita CV
Name of PTA president:askar. VM
Name of MPTA president:JAMSHINA
Name of SMC chairman: Majeed Edapatta
Name of SRG convener: Sathidevi p
Name of UP SRG convener: Vidhu
Total  number of students: 1211
Total number of boys-686
Total No of Girls - 525
Total number of  divisions HS - 19

panchayat -Wandoor
Taluk - Nilambur
District Panchayath: Malappuram
MLA: Ap Anil Kumar
MP - Priyanka Gandhi
District Panchayath  Membar -AJMAL K T
Ward Member: U Anil kumar
Ward No:5
Post Office: Vaniyambalam
DDE: Malappuram
DEO:Wandoor
AEO:Wandoor
Name of BRC : Anchachavidi
BPC:Wandoor
Udise Code :
School Code: 48050
അക്കാദമിക മാസ്റ്റർ പ്ലാൻ:

## ആമുഖം

കേരള വിദ്യാഭ്യാസ വകുപ്പ് ലക്ഷ്യം വെക്കുന്ന സമഗ്ര വിദ്യാഭ്യാസ ലക്ഷ്യങ്ങൾ നേടുന്നതിന് ആവശ്യമായ പഠന തന്ത്രങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന സുപ്രധാന രേഖയാണ് അക്കാദമി മാസ്റ്റർ പ്ലാൻ. ഇതൊരു അധ്യയന വർഷത്തിലേക്കുള്ള വിദ്യാലയ പ്രവർത്തനങ്ങളുടെ രൂപരേഖയായി പ്രവർത്തിക്കുകയും വിദ്യാലയത്തിലെഎല്ലാവരും ചേർന്ന് വിദ്യാഭ്യാസത്തിന്റെ പൊതുലക്ഷത്തിനായി പ്രവർത്തിക്കുന്നുണ്ടെന്നും ഉറപ്പാക്കു'ന്ന രേഖയാണ് ഇത്

2025 26 അധ്യായനവർഷത്തെ അക്കാദമിക മികവിനായുള്ള തയ്യാറെടുപ്പിന്റെ ഉൽപ്പന്നമാണ് ഈ മാസ്റ്റർ പ്ലാൻ,പാഠ്യ പാഠ്യേതര അനുഭവങ്ങൾമെച്ചപ്പെടുത്തുന്നതിനും അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർഥികളെയും പഠനപ്രക്രിയയിൽ ഉൾപ്പെടുത്തുന്നതിനും വേണ്ടിയാണ് ഇത് രൂപകൽപ്പന ചെയ്തിരിക്കുന്നത് .സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയിലൂടെ പാഠ്യപദ്ധതി ലക്ഷ്യമിട്ട ധാരണകളുംശേഷികളും വിദ്യാർത്ഥികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പാക്കാനും ഈ അക്കാദമികമാസ്റ്റർ പ്ലാനിലൂടെ സാധിക്കും,സാമൂഹിക മൂല്യങ്ങളും മനോഭാവങ്ങളും വികസി പ്പിക്കാനാവശ്യമായ അനുഭവങ്ങൾ ഒരുക്കാനും മികച്ച വിദ്യാഭ്യാസ നിലവാരവും സമഗ്ര വിദ്യാർത്ഥി വികസനവും ഉറപ്പാക്കാൻ സാധിക്കും എന്ന് പ്രതീക്ഷിക്കുന്നു .വിദ്യാലയത്തിലെ മുഴുവൻ അധ്യാപകരെയും കൂട്ടായ പരിശ്രമത്തിലൂടെ ചിട്ടയോടെയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. വിദ്യാലയത്തിന്റെ കാഴ്ചപ്പാടും അക്കാദമിക ലക്ഷ്യങ്ങളും വിഭവവിനിയോഗവും പ്രവർത്തന പരിപാടികളും ഉൾകൊള്ളുന്നു. അധ്യാപകരെ പിന്തുണയ്ക്കുന്നതിനും മുഴുവൻ വിദ്യാർഥികളെയും പഠനം പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തുന്നതിനുമായാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികളും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച സംസ്ഥാന ദേശീയ അന്തർദേശത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

- സാമൂഹ്യബോധമുള്ള മികച്ച പൗരന്മാരായ കുട്ടികളെ മാറ്റുക. മത നിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായി വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

- അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക. അധ്യാപ നം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.

- പഠനം രസകരവും അനായാസവും ആക്കാൻ സാങ്കേതികവിദ്യ ഉപയോഗിക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം കാഴ്ചപ്പാട്

- പാഠ്യ പാഠാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.

- ശുചിത്വം,ദീനാനുകമ്പ,പൗരബോധം,ജനാധിപത്യബോധം,ദേശീയത, സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.

- മികവാർന്നശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നു എന്നു ഉറപ്പാക്കൽ.

- പരിസ്ഥിതി അവബോധത്തോടെ ജീവിക്കാനും വരും തലമുറയ്ക്ക് അത്കൈമാറാനുമുള്ള ഭൂമിയിലെ താൽക്കാലികവാസികൾ മാത്രമാണ് മനുഷ്യർ എന്ന് അവബോധത്തോടെ പരിസ്ഥിതിയെ കാത്തുസൂക്ഷിക്കുവാനും സുസ്ഥിരവികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കൽ.

- ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരത്തുമുള്ള കുട്ടികളെ ഈ വിദ്യാലയത്തിൽ തന്നെ ചേർക്കുന്നതിന് ആളുകളെ പ്രേരിപ്പിക്കുന്ന തരത്തിലേക്കുള്ള മികവിലേക്കു വിദ്യാലയത്തെ എത്തിക്കുക.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതികം നേട്ടങ്ങൾ

- 10 ക്ലാസ് റൂമുകൾ പ്രൊജക്ടർ ഉപയോഗിച്ച് ഹൈടെക് സംവിധാനത്തിലേക്ക് മാറി.

- എല്ലാ ക്ലാസ് മുറികളിലും ലൈറ്റും ഫാനും ഉണ്ട് .രണ്ട് ഐടി ലാബുകൾ ലൈബ്രറി സയൻസ് ലാബ് എന്നിവയും സ്കൂളിൽ പ്രവർത്തിക്കുന്നു.

- അസംബ്ലിയും മറ്റു പരിപാടികളും നടത്തുന്നതിലേക്ക് വേണ്ടി പൂർവ്വ വിദ്യാർത്ഥികളുടെ സഹായത്തോടെ ഒരു മൈക്ക് സിസ്റ്റം സ്കൂളിൽ ഉണ്ട്

- ജില്ലാ പഞ്ചായത്തിന്റെ സഹായത്തോടെ സ്റ്റാഫ് റൂം ഓഫീസ് റും എച്ച് എം റൂം എന്നിവ നവീകരിച്ചു.

- എംഎൽഎ ഫണ്ടിൽ നിന്ന് ലഭിച്ച ഒരു ബസ്സ് മാത്രമാണ് വിദ്യാർത്ഥികളുടെ ഏക യാത്രാ സഹായി
- സ്പോൺസർഷിപ്പിലൂടെ ലഭിച്ച ഒരു വാട്ടർ പ്യൂരിഫയർ കുടിവെള്ളത്തിനായി ഉണ്ട്.
- പൂർവ്വവിദ്യാർത്ഥി കൂട്ടായ്മ സഹായത്തോടെ ഹൈസ്കൂൾ ഐടി ലാബ് നവീകരിച്ചു നൽകി
- എസ് പി സി ജെ ആർ സി ലിറ്റിൽ എന്നിവയുടെ ഒരു യൂണിറ്റ് പ്രവർത്തിക്കുന്നു
- കിഫ്ബി മുഖേന ലഭ്യമായ കെട്ടിടത്തിൽ യുപി എച്ച്എസ്എസ് ക്ലാസുകൾ പ്രവർത്തിക്കുന്നു

## ഭൗതികം പരിമിതികൾ

- മെച്ചപ്പെട്ട കെട്ടിടങ്ങളുടെയും ക്ലാസ് മുറികളുടേയും അഭാവം

- ഐടി ലാബ് സയൻസ് ലാബ് ലൈബ്രറി ഭക്ഷണശാല വായന മുറി പെൺകുട്ടികൾക്കുള്ള വിശ്രമമുറി എന്നിവയ്ക്ക് മതിയായ കെട്ടിടങ്ങൾ ഇപ്പോഴും ഇല്ല.

- ആവശ്യത്തിന് അനുസരിച്ച് ശൗചാലയവും സ്കൂളിൽ ഇല്ല. ധാരാളം പെൺകുട്ടികൾ പഠിക്കുന്ന വിദ്യാലയം എന്ന നിലയിൽ സാനിറ്ററി പാഡുകൾ നശിപ്പിക്കുന്നതിന് വേണ്ടിയുള്ള ഇൻസിനേറ്റർ സ്കൂളിന് അത്യാവശ്യമാണ്.

- സ്കൂളിൽ അസംബ്ലിയും മറ്റു പരിപാടികളും നടത്തുമ്പോൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കാൻ സാധിക്കുന്നില്ല എന്നത് ഒരു വലിയ പരിമിതിയാണ്.

- അസംബ്ലിയോ പ്രാർത്ഥനയോ നടത്തുന്നതിന് ആവശ്യമായ മൈക്ക് സംവിധാനം ക്ലാസ് റൂമുകളിൽ Sound Box കൾ പ്രവർത്തിക്കുന്നില്ല എന്നത് വലിയ വെല്ലുവിളിയായി തുടരുന്നു

- ആവശ്യത്തിന് സ്കൂൾ ബസ് സൗകര്യം ഇല്ലാത്തതിനാൽ School feeding ഏരിയയിലെ കുട്ടികൾ മറ്റ് വിദ്യാലയങ്ങളിലേക്ക് ചേക്കേറുന്നത് വ ലിയ പ്രതിസന്ധിക്ക് ഇടയാക്കുന്നുണ്ട്
- കുട്ടികൾക്ക് കൈ കഴുകാൻആവശ്യത്തിന് പൈപ്പുകൾ ഇല്ല എന്നത് ഒരു വലിയ പരിമിതിയായി തുടരുന്നു.

- പുതിയ വിദ്യാഭ്യാസ രീതി മുന്നോട്ടുവയ്ക്കുന്ന പ്രൊജക്ടറുകൾ നവീകരിച്ച ലൈബ്രറി, ലാബ് സൗകര്യങ്ങൾ എന്നിവ ഈ അളവിൽ ഈ വിദ്യാലയത്തിന് ലഭിക്കേണ്ടതുണ്ട്

- സ്കൂൾ ഓഡിറ്റോറിയം മുറ്റംകട്ടപതിക്കൽ എന്നിവ ഒരു സ്വപ്നമായി തുടരുന്നു

- ചോർച്ചയുള്ള മേൽക്കൂരയ്ക്ക് കീഴെ പ്രവർത്തിക്കുന്ന ക്ലാസ് മുറികളും ഓടിട്ട പഴകിദ്രവിച്ച കെട്ടിടങ്ങളും വിദ്യാലയത്തിന്റെ ഏറ്റവും വലിയ പരിമിതിയാണ്

- കുടിവെള്ളത്തിനായി കുട്ടികൾക്ക് ആവശ്യത്തിന് സൗകര്യങ്ങൾ ലഭ്യമല്ല
- കളിസ്ഥലം വിദ്യാലയത്തിന് ദൂരെയായത് കായിക മേഖലയ്ക്ക് വലിയ നഷ്ടം തന്നെയാണ്

- സ്കൂളിൽ അസംബ്ലിയും മറ്റു പരിപാടികളും നടത്തുമ്പോൾ എല്ലാ കുട്ടികളെയും ഉൾക്കൊള്ളിക്കാൻ സാധിക്കുന്നില്ല എന്നത് ഓഡിറ്റോറിയത്തിന്റെ ഒരു പരിമിതിയാണ്.

- ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കാനുള്ള സ്ഥലവും, കളി സ്ഥലവും സ്കൂളിന് ആവശ്യമാണ്.

## അക്കാദമികം നേട്ടങ്ങൾ

USS 10
SSLC Result -262/262
14 FULL A PLUS

തുടർച്ചയായി 10 വർഷത്തിലേറെ 99% ത്തിൽ കൂടുതൽ വിജയവും ,വളരെ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന എസ് പി സി, ജെ ആർ സി ലിറ്റിൽകൈറ്റ് യൂണിറ്റുകൾ സ്കൂളിൽ ഉണ്ട്. ശാസ്ത്ര കലാമേളകളിൽ സബ്ജില്ലാതലം തുടങ്ങി ജില്ലാതലം വരെ കുട്ടികളെ പങ്കെടുപ്പിക്കാനും മികച്ച വിജയം നേടാനും സ്കൂളിന് സാധിച്ചു.

## അക്കാദമികം പരിമിതികൾ

- വിവിധ മത്സര പരീക്ഷകളിലെ കുട്ടികളുടെ മികവ് ഇനിയും വർദ്ധിക്കേണ്ടത് ഉണ്ട്.
- സ്കൂൾ ഗ്രന്ഥശാല ലബോറട്ടറികൾ ഐടി ലാബുകൾ ആധുനികവൽക്കരണം
- വേണ്ടത്ര ക്ലാസ് റൂമുകൾ വായനാ റൂമുകൾ തുടങ്ങിയവയുടെ പരിമിതികൾ തുടരുന്നു.
- കലാകായിക പരിശീലനത്തിന് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമല്ല
- പ്രവർത്തിപരിചയ സാമഗ്രികളുടെ അഭാവം തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്ന ലക്ഷ്യം കൈവരിക്കാൻ വിഘാതം സൃഷ്ടിക്കുന്നു
- വിശാലമായ കളിസ്ഥലം ഇല്ലാത്തത് കുട്ടികളുടെ കായികരംഗത്തെ പ്രവർത്തനങ്ങൾക്ക് വിഘാതം സൃഷ്ടിക്കുന്നു.

## മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | പിടിഎ ശക്തിപ്പെടുത്തൽ |
| ഗണിതശേഷി വികസനം | കളി സ്ഥലം | \| വിദ്യാലയ വികസന സമിതി |
| ഇംഗ്ലീഷ് ഹിന്ദി മലയാളം പഠന പരിപോഷണം | ലൈബ്രറി,വിശ്രമമുറി | ഒ എസ് എയുടെ പ്രവർത്തനം |
| വായനാ പരിപോഷണം | വായനാ മുറി | \| എസ്എസ്എൽസി ജാഗ്രത സമിതി കാര്യക്ഷമമാക്കൽ |
| ലൈബ്രറി ശാക്തീകരണം | കമ്പ്യൂട്ടറിൽ ലാബ് | ഗ്രന്ഥശാലകൾ ക്ലബ്ബുകൾ സന്നദ്ധ സംഘടനകൾ വിദ്യാഭ്യാസ പ്രവർത്തകർ |
| പ്രതിഭാ പോഷണ പരിപാടി | മൾട്ടിമീഡിയ റൂം | \| പൂർവ്വ അധ്യാപകർ |
| ശലഭോദ്യാനം | കുടിവെള്ള വിതരണം | സഹകരണ സ്ഥാപനങ്ങൾ വ്യവസായ ഗ്രൂപ്പുകൾ \| എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| പഠനയാത്രകൾ | ഡൈനിങ് ഹാൾ | ക്ലാസ് പിടിഎ |
| സെമിനാറുകൾ | മാലിന്യ സംസ്കരണം | മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ |
| കലാകായിക ശാസ്ത്ര മേളകൾ | ഉദ്യാനം | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ഐടി പരിശീലനം | ഭാഷോത്സവം | ഭവന സന്ദർശനം |
| ക്ലാസ് സജീവമാക്കൽ | ഗണിതോത്സവം | |
| എസ് ആർ ജി ശാക്തീകരണം | ശാസ്ത്രോത്സവം | |
| ശില്പശാലകൾ | ഐടി മേള | |
| പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ | കലാ കായിക പ്രവർത്തി പരിചമേള | |
| ഭിന്നശേഷി വിദ്യാർഥികളെ | ക്ലാസ് ലൈബ്രറി | |
| | ഭിന്നശേഷി കുട്ടികളുടെ | |

| | | |
|---|---|---|
| സമൂഹത്തിന്റെ മുഖ്യധാരയിലേ ക്ക് എത്തിക്കൽ<br><br>അധ്യാപക ശാക്തീകരണ പരിപാടികൾ<br><br>പോഷകാഹാര പരിപാടി<br><br>ടേം മൂല്യനിർണയം നിരന്തര മൂല്യനിർണയം<br><br>ദിനാചരണങ്ങൾ<br><br>മത്സരപരീക്ഷ പരിശീലനം<br><br>കായികപഠനം<br><br>വിജയഭേരി ക്ലാസുകൾ | പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- ഓരോ വിദ്യർത്ഥിക്കും അവരുടെ അഭിരുചികൾക്കനുസരിച് പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കാനും സാധിക്കുന്നു.
- വിദ്യാർത്ഥികൾക്കിടയിൽ സ്നേഹവും സഹവർത്തിത്വവും വളരുന്നു.
- കുട്ടികൾ സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരായി വളരുന്നു.
- കൗമാരക്കാരായ വിദ്യർത്ഥികൾക്കു അവരുടെ മാനസികവും വൈകാരികവുമായ പ്രശ്നങ്ങൾക്ക് പരിഹാരം ലഭിക്കുന്നു
- വിദ്യാർത്ഥികളും അധ്യാപകരും രക്ഷിതാക്കളും ചേർന്നുള്ള കൂട്ടായ പ്രവർത്തനത്തിലൂടെ വിദ്യാലയം പുരോഗതി കൈവരിക്കുന്നു.
- വിദ്യാർത്ഥികൾക്ക് താല്പര്യമുള്ള മേഖലകൾ കണ്ടെത്താനും  മുന്നേറാനുംസാധിക്കുന്നു
- മത്സരബുദ്ധിയോടെ പഠന പ്രവർത്തനങ്ങളിലും കല കായിക പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ കഴിയുന്നു.

## മോണിറ്ററിങ്

- പൊതുവിദ്യാഭ്യസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി തയ്യാറാക്കിയ അക്കാഡമിക് മാസ്റ്റർ പ്ലാൻ മുൻഗണന ക്രമത്തിൽ നടപ്പാക്കും.
- മാസത്തിൽ രണ്ടു പ്രാവശ്യം എസ് ആർ ജി യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.
- എല്ലാ പി ടി എ യോഗങ്ങളിലും പ്രവർത്തനങ്ങൾ വിലയിരുത്തും

- ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾ കുട്ടികളുമായി പങ്കുവെക്കുകയും അതനുസരിച്ചു നടപ്പാക്കുകയും ചെയ്യും.

## ഉപസംഹാരം

വാണിയമ്പലം  ഹൈസ്കൂൾ തയ്യാറാക്കിയ ഈ മാസ്റ്റർ പ്ലാൻ വിദ്യലയത്തിന്റെ സമഗ്രപുരോഗതിക്കു വേണ്ടി തയ്യാറാക്കിയതാണ് ഇത് മേൽനടപടിക്കായി സമർപ്പിക്കുന്നു.

## എട്ടാം തരം

മേഖല - അക്കാദമികം                                    ഉപമേഖല
മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുക<br><br>എല്ലാ കുട്ടികൾക്കും മലയാളം ഫലപ്രദമായി എഴുതാനും വായിക്കാനും ആശയവിനിമയം നടത്താനുള്ള ശേഷി വികസിപ്പിക്കുക | മുന്നറിവ് പരിശോധന<br>അക്ഷര കാർഡ് പ്രദർശനം<br>അക്ഷരക്കാർഡ് നിർമ്മാണം അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കൽ അക്ഷരങ്ങൾ നൽകി പത്രത്തിൽ നിന്ന് ആ അക്ഷരങ്ങൾ വരുന്ന വാക്കുകൾ കണ്ടെത്തുക.നിത്യോപയോഗ വസ്തുക്കളുടെപേരുകൾ എഴുതുകക്ലാസിലെ കുട്ടികളുടെ പേരെഴുതുക ഡയറി എഴുതുകപത്രവാർത്ത തയ്യാറാക്കുക. അവതരിപ്പിക്കുകകുട്ടിയുടെ വീടിനെ കുറിച്ച് കുറിപ്പ് തയ്യാറാക്കുക ഇഷ്ട വിനോദത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക അവതരിപ്പിക്കുക | ജൂൺ<br><br>ജൂലായ്<br><br>ആഗസ്ത് | മലയാളം ടീച്ചർ<br><br>SRG കൺവീനർ<br><br>മലയാളം ടീച്ചർ<br><br>SRG കൺവീനർ | പി ടി എ |
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക (വായനാക്കൂട്ടം )<br>വായനയുടെ വിവിധ തലങ്ങൾ പരിചയപ്പെടുക | വായനാക്കൂട്ടം രൂപീകരണം<br><br>ക്ലാസ് ലൈബ്രറി ഒരുക്കൽ'<br><br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ<br><br>ചുമർ പത്രിക തയ്യാറാക്കൽ | ജൂൺ | മലയാളം Tr<br><br>SRGകൺവീനർ | PTA, SMC  SRG |

| | | | | |
|---|---|---|---|---|
| വായന സാമഗ്രികൾ കണ്ടെത്തി വികസിക്കുക | വായനോത്സവം സംഘടിപ്പിക്കൽ<br>വായനക്കുറിപ്പ് - പതിപ്പ് തയ്യാറാക്കൽ<br><br>സാഹിത്യ ശാഖകൾ,എഴുത്തുകാർ എന്നിവരെ പരിചയപ്പെടൽ | ജൂലായ്<br><br>ഒരു വർഷം മുഴുവൻ | | |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക (എഴുത്തുകൂട്ടം) | എഴുത്തു കൂട്ടം രൂപീകരിക്കുക എഴുത്തിനു മുൻഗണനയുള്ള സാഹിത്യ മത്സരങ്ങൾ സംഘടിപ്പിക്കുക ശിൽപ്പശാലകൾ ചുമർപത്രിക ഒരുക്കൽ<br><br>കഥാ ക്യാമ്പ് കവിത ക്യാമ്പ് എന്നിവ സംഘടിപ്പിക്കുക | ജൂലായ്<br><br>ജൂൺ<br><br>ഒരു വർഷം | SRG<br><br>മലയാളം Tr | PTA SMC, |
| സർഗശേഷികൾ കണ്ടെത്തലും വികസിപ്പിക്കലും (വിദ്യാരംഗം കലാസാഹിത്യ വേദി) | വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം<br><br>ക്ലാസ് സഭ, സ്കൂൾ സഭ, ബാലസഭ<br>CD,വീഡിയോ പ്രദർശനം<br><br>ഭിന്നശേഷിക്കാർക്കായി പ്രത്യേകം സഭ | ജൂൺ | മുഴുവൻ അധ്യാപകർ, വിദ്യാരംഗം, IEDSS | SRG, SMC, PTA, Panchayath Council |
| സ്കൂൾ ഗ്രന്ഥശാല (ലൈബ്രറി) ശാക്തീകരണം | ക്ലാസ് ലൈബ്രറി രൂപീകരണം<br><br>സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും<br><br>മുഴുവൻ സമയ ലൈബ്രേറിയന്റെ സേവനം ഉറപ്പാക്കൽ<br><br>വായനാമൂലകൾ, വായനാമുറി സൗകര്യമൊരുക്കൽ | 6 മാസം | ഭാഷാധ്യാപകർ, ലൈബ്രേറിയൻ,വിദ്യാരംഗംകൺവീനർ | SRG, SMC, PTA, Panchayath<br>Rs: 60,000 |
| കലാപരമായ കഴിവുകൾ | നാടകക്കളരി | | | |

| | | | | |
|---|---|---|---|---|
| പോഷിപ്പിക്കൽ , ഒരു സാഹിത്യരൂപ ത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റാനുള്ള ശേഷി | പാഠഭാഗമുൾപ്പെടെയുള്ളവ യുടെ നാടകീകരണം<br><br>ICT സംവിധാനങ്ങളിലൂടെ വിവിധ നാടകങ്ങൾ വീക്ഷിക്കൽ<br><br>പൊതുവേദികളിലെ അവതരണം | | | |
| രചനകൾ, ആശയങ്ങൾ എന്നിവ വിവിധ മാധ്യമങ്ങളിലൂ ടെ പ്രകടിപ്പിക്കുന്ന തിന് അവസരമൊരു ക്കുക | രചനകൾ ക്ലാസ് മാഗസിൻ, റേഡിയോ ക്ലബ്ബ്, ചുമർ പത്രങ്ങൾ, സ്കൂൾ ബ്ളോഗ് എന്നിവയിലൂടെ പ്രകടിപ്പിക്കൽ<br><br>പത്ര ക്വിസ് (പ്രതിദിനം ഒരു ചോദ്യം) | | | |
| ICT സാധ്യതകൾ ആശയവിനിമ യത്തി ന് | പാഠഭാഗവുമായി ബന്ധപ്പെട്ട കവിതകൾ, വീഡിയോ, ക്ലാസ്സുകൾ എന്നിവ ശേഖരിച്ചതും നിർമിച്ച് എഡിറ്റ് ചെയ്തവയും സ്കൂകൂളിലെ സ്മാർട്ട് സംവിധാനങ്ങളുപയോഗിച്ച് പാഠാവതരണത്തിനും ആശയ വിനിമയത്തിനുമായി ഉപയോഗിക്കൽ. | | | |
| ഭാഷാശേഷിക ളുടെ സമഗ്രമായ വികസനം | സെമിനാറുകൾ \ അഭിമുഖങ്ങൾ \| പാനൽ ചർച്ചകൾ) സംവാദം<br><br>മുതലായവ<br><br>തിരക്കഥയെഴുതി ഹ്രസ്വചിത്രങ്ങൾ നിർമിക്കൽ<br><br>വിവിധ വിഷയങ്ങൾ കോർത്തിണക്കി ദ്വിദിന സഹവാസ ക്യാമ്പ്<br><br>അക്കാദമികവർഷത്തേ ക്കുള്ള വിവിധ ദിനാചരണങ്ങൾ SRG യിൽ തീരുമാനിച്ച് | | | |

| | | | | |
|---|---|---|---|---|
| | സ്കൂളിലും പരിസരത്തെ പൊതു ഇടങ്ങളിലും നടപ്പിലാക്കുന്നു. | | | |

# അക്കാദമിയെ മാസ്റ്റർ പ്ലാൻ ഇംഗ്ലീഷ്

**ഉപ മേഖല ഹൈസ്കൂൾ ഇംഗ്ലീഷ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| തെറ്റില്ലാതെ അനായാസം ആത്മവിശ്വാസത്തോടുകൂടി ഇംഗ്ലീഷ് ആശയവിനിമയം (എഴുത്ത് വായന സംസാരം )നടത്താൻ പ്രാപ്തരാക്കുക | *സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് എല്ലാ ക്ലാസിലും നടപ്പാക്കുക ഇംഗ്ലീഷിലുള്ള പ്രാവീണ്യംമനസ്സിലാക്കാനുള്ള പരിശോധനകൾ *ഇംഗ്ലീഷ് സ്കൂൾ ലൈബ്രറിയും ക്ലാസ് ലൈബ്രറിരൂപീകരിക്കുക *സ്കൂൾ ക്യാമ്പസിൽ ഇംഗ്ലീഷ് സംസാരം സാധ്യമാക്കുക *ഇംഗ്ലീഷിൽ ഡയറി എഴുതുന്നത്പ്രോത്സാഹിപ്പിക്കുക *ഇംഗ്ലീഷ് കാർട്ടൂൺ പ്രദർശനം *ഇംഗ്ലീഷ് സ്റ്റോറി ടൈം *ഇംഗ്ലീഷ് ന്യൂസ് പേപ്പർ Subscriptionഎന്നിവ | ശനിയാഴ്ചകൾ<br>അവധിക്കാലം<br>School Time | English Teachers<br>SRG<br>PTA | PTA<br>SMC<br>SRG |

| | | | | |
|---|---|---|---|---|
| | സാധ്യമാക്കുക | | | |
| Municipal Language Labഉപയോഗിച്ച് ഉച്ചാരണം stress intonationഎല്ലാ കുട്ടികളിലും ഉറപ്പിച്ച് ഇംഗ്ലീഷ് ഭാഷയിൽ പരിപോഷിപ്പിക്കുക<br><br>ഇംഗ്ലീഷ് ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക<br><br>*ഇംഗ്ലീഷ് മൂവി തിയേറ്റർ | *ഇംഗ്ലീഷ് ഉച്ചാരണം Stress ,Indonationഎന്നിവയ്ക്ക് ഊന്നൽ നൽകി teachersപരിശീലിപ്പിക്കുക<br>* language labരൂപീകരിച്ചുള്ള പരിശീലനം സാധ്യമാക്കുക<br>* നിലവിലെ software സാധ്യതകൾക്കുള്ളിൽ നിന്ന് പാഠഭാഗ വിനിമയം<br>*grammar ൽ focus കൊടുക്കുക<br>*ഭിന്നശേഷിക്കാർക്ക് Text Book അനുരൂപീകരണ സാധ്യതകൾ വഴി പഠനം ലളിതമാക്കൽ<br>*cinema and documentary Profile and script തയ്യാറാക്കുന്നതിന് വേണ്ടിEnglish cinema യുടെരംഗങ്ങൾ പ്രദർശിപ്പിക്കുക<br>*Skitഅവതരണം.<br>* role play English day celebration seminar,discussions, ഇംഗ്ലീഷ്കവിതകളുടെ കോറിയോഗ്രാഫി തയ്യാറാക്കൽ<br>*English movieപ്രദർശനം നടത്തുക | ജൂൺ<br><br>വർഷം മുഴുവൻ<br><br>അക്കാദമി വർഷം മുഴുവൻ<br><br>ഓഗസ്റ്റ് സെപ്റ്റംബർ | ഇംഗ്ലീഷ് അധ്യാപകർ ഇംഗ്ലീഷ് ക്ലബ്<br><br>ഇംഗ്ലീഷ് ക്ലബ്ബ് ഇംഗ്ലീഷ് അധ്യാപകർ SRG<br><br>SRG ‘ഇംഗ്ലീഷ് ക്ലബ് | എസ്എംസി പിടിഎ എസ്ആർ ജി |

| | | | | |
|---|---|---|---|---|
| | * English assembly English Skit /puppet show,എന്നിവ നടത്തുക തുടർന്ന് ചലച്ചിത്രസ്വാദനം ഡിസ്കഷൻ ഡിബേറ്റ് മുതലാളികൾ നടത്തുക *ഇംഗ്ലീഷിൽ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | | | |
| സ്വതന്ത്രവായനയ്ക്കും എഴുത്തിനും സന്നദ്ധരാക്കുക | സ്കൂൾ ഇംഗ്ലീഷ് Voice , അക്ഷര കാർഡ് പദ കാർഡ് വാക്യനിർമ്മാണത്തിനുള്ള കാർഡുകൾ എന്നിവ തയ്യാറാക്കുക *ഇംഗ്ലീഷ് അസംബ്ലി ന്യൂസ് റീഡിങ് കോമ്പറ്റീഷൻ ,Vocabulary games, പബ്ലിക് സ്പീക്കിംഗ്, ചിത്ര വായന ഷോർട്ട് സ്റ്റോറി റൈറ്റിംഗ് | എല്ലാ ഇംഗ്ലീഷ് അധ്യാപകരും | വർഷം മുഴുവൻ | എസ് ആർ ജി |
| ശരിയായി ഇംഗ്ലീഷ് കേൾക്കാനും സംസാരിക്കാനും അവസരം ഒരുക്കുക | *ലാംഗ്വേജ് ലാബിന്റെ സഹായത്തോടെ ഫോറിൻ രാജ്യത്തെ Native നോട് സംവദിക്കാനുള്ള അവസരം *സംസാരിക്കുമ്പോൾ വരുന്ന error സ്വയം അനാലിസിസ് നടത്താനുള്ള അവസരം *One Act playപ്രോത്സാഹി | ഇംഗ്ലീഷ് ടീച്ചേഴ്സ് | വർഷം മുഴുവൻ | SRG |

| | | | | |
|---|---|---|---|---|
| | പ്പിക്കുന്നു | | | |
| English Redio club | English Clubഎൻറെ നേതൃത്വത്തിൽ ഉച്ചയിടവേളയിൽ വിവിധ Scriptന്റെ edit ചെയ്ത അവതരണം | എല്ലാ മാസവും | ഇംഗ്ലീഷ് സബ്ജറ്റ് കൗൺസിൽ English ക്ലബ്ബ് എസ് ആർ ജി | SRG<br>PTA |
| കവിതാലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുക | *ഇംഗ്ലീഷ് ഓഡിയോ കേൾക്കാനുള്ള അവസരം ഒരുക്കുന്നു<br>* work Shopകൾ സംഘടിപ്പിക്കുന്നു * English Recitation competitionസംഘടിപ്പിക്കുന്നു<br>*പ്രശസ്ത കവികളുമായുള്ള ആശയവിനിമയവും സംവാദ സാധ്യതകളും പ്രയോജനപ്പെടുത്തുന്നു<br>* Book reviews<br><br>*മാഗസിൻ (കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി) | ഓഗസ്റ്റ് സെപ്റ്റംബർ | ഇംഗ്ലീഷ് ടീച്ചേഴ്സ് ക്ലബ്ബ് എസ് ആർ ജി | പിടിഎ എസ് എം സി എസ് ആർ ജി |
| സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തുക | Native speakers മൊത്തുള്ള സമയം ചെലവഴിക്കാനും സംവാദം നടത്താനുമുള്ള അവസരം<br>*Vedio conference കൾ നടത്തുക (ഇപ്പോൾ ജീവിച്ചിരിക്കുന്ന വിവിധ എഴുത്തുകാരുമായി)അവരുമായി സംവാദ | എല്ലാ ബുധനാഴ്ചയും | ഇംഗ്ലീഷ് ക്ലബ്ബ് എസ് ആർ ജി അധ്യാപകർ | പിടിഎ എസ് എം സി<br>SRG |

| | | | | |
|---|---|---|---|---|
| | സദസ്സുകൾ സംഘടിപ്പിക്കുക | | | |
| തനത് പ്രവർത്തനങ്ങൾ | *vocabulary showcase game show<br><br>*story wall<br>*literary workshop based on recitation versification ,story writing, el ocation etc...<br><br>Bords day:introducing poets | ഇടവിട്ട മാസങ്ങളിൽ | English Teachers club, SRG | PTA SMC |

# അക്കാദമിക് മാസ്റ്റർപ്ലാൻ

ഹിന്ദി

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി വായിക്കുവാനും സംസാരിക്കുവാനും എഴുതുവാനും ഉള്ള കഴിവ് നേടിയെടുക്കുക
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പുവരുത്തുക

- ഹിന്ദി ഭാഷ പഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക
- ഹിന്ദി ഭാഷ പഠനത്തിലൂടെ കുട്ടികളിൽ  ഭാഷാ സ്നേഹവും ദേശസ്നേഹവും പ്രകൃതിസ്നേഹവും വളർത്തിയെടുക്കുക
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ നൽകി മികവുനേടാൻ പ്രാപ്തരാക്കുക
- ഹിന്ദി എഴുതാനും വായിക്കാനും അടിസ്ഥാന ശേഷികൾ വികസിക്കാത്ത വിദ്യാർത്ഥികളിൽ അടിസ്ഥാനശേഷി വികസിപ്പിക്കുക
- സാഹിത്യഅഭിരുചി വളർത്തിയെടുത്ത് ഹിന്ദി ഭാഷയിൽ കഥ കവിത രചനകൾ നടത്താനുള്ള ശേഷി വികസിപ്പിക്കുക
- ദിനാചരണ പ്രവർത്തനങ്ങളിലൂടെ ഹിന്ദിയിലെ സാഹിത്യകാരന്മാരെ പരിചയപ്പെടാൻ അവസരം ഒരുക്കുക

ക്ലാസ് - 8, 9, 10

| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി അനായാസമായി എഴുതാനും വായിക്കാനും ഉള്ള ശേഷി വികസിപ്പിക്കുക (ശ്രദ്ധ, നവപ്രഭ)<br><br>ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.<br><br>അക്ഷരം ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു<br><br>ഉച്ചാരണം പരിചയപ്പെടുത്തുന്നു<br><br>വാക്കുകളിൽ നിന്ന് അക്ഷരങ്ങളും ചിഹ്നങ്ങളും കണ്ടെത്തി എഴുതുവാൻ പരിശീലിപ്പിക്കുന്നു | അക്ഷര കാർഡ് തയ്യാറാക്കുന്നു<br><br>പാഠഭാഗങ്ങളിൽ നിന്ന്അക്ഷരം അടങ്ങിയ വാക്ക് കണ്ടെത്തുകയും അതിനു പ്രത്യേകം നിറം നൽകുകയും അത് ഉറക്കെ വായിക്കാൻ അവസരം നൽകുകയും ചെയ്യുന്നു<br><br>ഓഡിയോ വിഷ്വൽ സഹായത്തോടെ വാക്കുകളുടെ ഉച്ചാരണം പരിചയപ്പെടുത്തുന്നു | ജൂൺ-ജൂലൈ | ഹിന്ദി അധ്യാപകർ |
| ആഴ്ച മാസം അക്കങ്ങൾ എന്നിവ പരിചയപ്പെടുന്നു | ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു<br>ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജനന തീയതി ഹിന്ദി അക്കത്തിൽ എഴുതുന്നു<br>ഇന്ത്യയിലെ പ്രധാന സംഭവങ്ങളെ ഹിന്ദി അക്കത്തിൽ എഴുതുന്നു | ഫസ്റ്റ് ടേം | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| ഹിന്ദി പദസമ്പത്ത് വർദ്ധിപ്പിക്കുക | മരങ്ങൾ പൂക്കൾ നിറങ്ങൾ അവയവങ്ങൾ വീട്ടുപകരണങ്ങൾ ചുറ്റുപാടുകളിൽ കാണുന്ന വസ്തുക്കളുടെ പേര് പ്രവർത്തികളുടെ പേര് ചുറ്റുപാടിലെ തുടങ്ങിയവയുടെ പേരുകൾ ശേഖരിക്കുക.അവയുടെ പേരുകൾ നിർമ്മിക്കാം ഉപയോഗിച്ച് പദപയറ്റ് നടത്തുക<br><br>ഫ്ലാഷ് കാർഡ് നിർമ്മിക്കുക, അഭിനയത്തിലൂടെ ഭാവങ്ങൾ പ്രകടിപ്പിക്കുക | ഫസ്റ്റ് ടേം<br><br>സെക്കൻഡ് ടേം | ഹിന്ദി അധ്യാപകർ |
| ഹിന്ദിയിൽ സ്വന്തമായി വാചകങ്ങൾ നിർമ്മിക്കാൻ സാധിക്കുന്നു | പദസൂര്യനിലൂടെ വാചകങ്ങൾ നിർമ്മിക്കുക.<br><br>വിട്ട ഭാഗം പൂരിപ്പിക്കുക<br><br>ചെറു വിവരണങ്ങൾ എഴുതുക പേരുംപടി പൂർത്തിയാക്കുക വാക്യ നിർമ്മാണം നടത്തുക | സെക്കൻഡ് ടേം | ഹിന്ദി അധ്യാപകൻ |
| അടിസ്ഥാന വ്യാകരണങ്ങൾ തിരിച്ചറിയാനും പ്രയോഗിക്കാനുള്ള ശേഷി വികസിപ്പിക്കുക<br><br>ക്രിയാ പദങ്ങൾ കണ്ടെത്തി എഴുതുന്നു<br><br>ഭൂതകാല ക്രിയയുടെ നിയമങ്ങൾ മനസ്സിലാക്കുന്നു തിരിച്ചറിയാൻ സാധിക്കുന്നു | നാമം വിശേഷണം സർവനാമം വിഭക്തിപ്രത്യയം തുടങ്ങിയ പദങ്ങൾ തിരിച്ചറിയാനും ക്രിയാ പദങ്ങൾ പാഠഭാഗങ്ങളിൽ നിന്ന് തിരിച്ചറിയാനും കണ്ടെത്തി എഴുതുവാനും സാധിക്കുന്നു work Sheet നൽകുന്നു<br><br>മാതൃക പോലെ എഴുതുക പാഠഭാഗങ്ങളിൽ നിന്ന് അത്തരം ക്രിയാ പദങ്ങൾ കണ്ടെത്തി എഴുതുക പദസൂര്യന്റെ സഹായത്തോടെ വാചകങ്ങൾ നിർമ്മിക്കുക | വർഷം മുഴുവൻ | ഹിന്ദി അധ്യാപകർ |
| പോസ്റ്റർ നിർമ്മാണം<br><br>കവിതയുടെ ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | പോസ്റ്ററിന്റെ മോഡൽ നൽകുന്നു .വിവിധ വിഷയങ്ങൾ നൽകി ക്ലാസ്സിൽ പോസ്റ്റർ നിർമിക്കാൻ അവസരം നൽകുന്നു വർക്ക് ഷീറ്റ് നൽകുന്നു<br><br>ചെറിയ കവിതകൾ നൽകി ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അവസരം നൽകുന്നു അവതരിപ്പിക്കാൻ അവസരം നൽകുന്നു മാതൃക അവതരിപ്പിക്കുന്നു മാതൃക അവതരിപ്പിക്കുന്നു വിവിധ | സന്ദർഭോചിതമായി പാഠഭാഗങ്ങൾക്കനുസരിച്ച് | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| ഡയറി തിരക്കഥ എന്നിവ തയ്യാറാക്കാൻ സാധിക്കുന്നു | സന്ദർഭങ്ങളിൽ ഡയറി തിരക്കഥ എന്നിവ എഴുതാൻ അവസരം നൽകുന്നു workഷീറ്റുകൾ നൽകുന്നു<br>പതിപ്പ് തയ്യാറാക്കുന്നു | | |

## പത്താംതരം

- പത്താം ക്ലാസിലെ വിദ്യാർത്ഥികളെ ഉന്നത വിജയത്തിന് തയ്യാറാക്കുന്ന രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയും ചെയ്യുന്നു.
- എല്ലാ വിദ്യാർത്ഥികൾക്കും മികച്ച സ്കോർ നേടാൻ അവസരം ഒരുക്കുക
- ഏറ്റവും താഴ്ന്ന ഗ്രേഡ് D+

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ ഭാഷാപരമായ പോരായ്മ പരിഹരിക്കുന്നതിന് ഭാഷാവസ്ഥകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു<br><br>റെയിൽവേ അനൗൺസ്മെൻറ് കേൾക്കുന്നതിനുള്ള അവസരം ഒരുക്കുന്നു | റെയിൽവേ സ്റ്റേഷൻ സന്ദർശനം റെയിൽവേയാത്ര നടത്തുന്നു<br><br>അനൗൺസ്മെൻറ് തയ്യാറാക്കൽ<br><br>അവതരിപ്പിക്കൽ | ജൂൺ | ഹിന്ദി അധ്യാപകർ | കുട്ടികൾ |
| ഡയറി തിരക്കഥ എന തുടങ്ങിയ ഭാഷാ വസ്തുതകൾ തയ്യാറാക്കുന്നതിന് സാധിക്കുന്നു | സിനിമയുടെ ഒരുസീൻ കാണിച്ച് അതിൽ അഭിനയിച്ചവരുടെ അവരുടെ വേഷം പ്രായം ഭാവം സമയം എന്നിവയെ കുറിച്ച് ധാരണയുണ്ടാക്കുന്നു<br><br>തിരക്കഥപ്രദർശിപ്പിക്കുന്നു<br><br>തിരക്കഥ എഴുതാൻ അവസരം നൽകുന്നു വർക്ക് ഷീറ്റുകൾ നൽകുന്നു | ജൂൺ | പാഠഭാഗത്തിന് അനുസരിച്ച് ഹിന്ദി അധ്യാപകർ | |

| | | | | |
|---|---|---|---|---|
| സാഹിത്യ അഭിരുചി വളർത്തുകയും ഹിന്ദി വാരാഘോഷ ത്തോടനുബന്ധി ച്ച് ഹിന്ദി കലോത്സവം നടത്തുകയും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുകയും ചെയ്യുന്നു | പദ്യം ചൊല്ലൽ കഥാരചന കവിത രചന പോസ്റ്റർ നിർമ്മാണം ഉപന്യാസരചന പ്രസംഗ മത്സരം എന്നിവ സംഘടിപ്പിക്കുന്നു<br><br>ശില്പശാല സംഘടിപ്പിക്കുന്നു | ജൂലൈ ഓഗസ്റ്റ് സെപ്റ്റം ബർ | ജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ<br><br>ഹിന്ദി അധ്യാപകർ | പി ടി എ SMC |
| പരീക്ഷയിൽ ഹിന്ദിക്ക് മികച്ച ഗ്രേഡുകൾ നേടുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക | പാഠഭാഗത്തിലെ പടന്ന പ്രവർത്തനങ്ങൾക്ക് അനുസൃതമായി വർക്ക് സീറ്റുകൾ ധാരാളമായി നൽകുക പിയർ ഗ്രൂപ്പ് പ്രവർത്തനങ്ങളിലൂടെ എല്ലാ കുട്ടികളും പരീക്ഷ എഴുതുവാനുള്ള ശേഷി നേടി എന്ന് ഉറപ്പുവരുത്തുക<br><br>C+ ഗ്രേഡിന് താഴേക്കുള്ള ഗ്രേഡ് ഒരു കുട്ടിയും നേടില്ല എന്ന് ഉറപ്പുവരുത്തുക<br><br>പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേകം പിന്തുണ സംവിധാനം ഉറപ്പാക്കുക<br><br>എ പ്ലസ് നേടാൻ കുട്ടികളെ പ്രാപ്തരാക്കുക<br><br>ഗുഹ സന്ദർശനം പഠനക്യാമ്പ് സംഘടിപ്പിക്കുന്നു | വർഷം മുഴുവൻ<br><br>ജൂൺ മുതൽ ജനുവരി ഫെബ്രുവ രി മാർച്ച് വരെ<br><br>ജൂൺ ജൂലൈ | ഹിന്ദി അധ്യാപകർ<br><br>SRG PTA/SMC | പിടിഎ എസ്എംസി |

# അക്കാദമിക് മാസ്റ്റർപ്ലാൻ - മാനവിക വിഷയങ്ങൾ

മേഖല അക്കാദമികം | ഉപമേഖലാ സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| സാമൂഹികജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിന് കുട്ടിയെ പ്രാപ്തനാക്കുക | ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br><br>ബാലവേല, ചൂഷണം പോലെയുള്ള സാമൂഹ്യപ്രശ്നങ്ങളിൽ ഇടപെടാ നുള്ള പ്രവർത്തനങ്ങൾ (പ്രതിഷേധ റാലി, ഗൃഹ സന്ദർശനം, സഹായ ശേഖരണം, സെമിനാർ മുതലായവ) പ്രശ്നബാധിതരുമായി അഭിമുഖം, വിദഗ്ധരുമായുള്ള പാരസ്പര്യം | ദീർഘകാലം | അധ്യാപകർ രക്ഷിതാക്കൾ | SMC,PTA |
| ജനാധിപത്യമൂല്യങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | SS Club പ്രവർത്തനങ്ങൾ<br><br>ക്ലാസ്തല - സ്കൂൾതല തെരഞ്ഞെടുപ്പ്<br><br>സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാസമയങ്ങളിൽ | അധ്യാപകർ എസ് ആർ ജി ഡിബേറ്റ് ക്ലബ് | SMC,PTA,SRG |
| വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂനിറ്റാണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതി നും പ്രാപ്തനാക്കുക | മാലിന്യ നിർമാർജന(സ്വച്ഛ് ഭാരത്, ശുചീകരണ) പ്രവർത്തനങ്ങൾ<br><br>പ്രാദേശിക സർവ്വേ<br><br>പതിപ്പുകൾ, ചുമർ പത്രികകൾ | SPC,JRC | എസ് എസ് ക്ലബ്ബ് | SMC,PTA,SRG, SPC,JRC |
| പ്രാദേശികതലം മുതൽ ജനജീവിതത്തിന്റെ സമസ്ത മേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ | പ്രാദേശിക ചരിത്ര രചനയും മാപ്പിംഗും<br><br>മുനിസിപ്പൽ, പഞ്ചായത്ത്, ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br><br>ചരിത്ര സംഭവങ്ങളുടെ Time-line (കാലഗണന) തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർഎസ് ആർ ജി എസ് എസ് ക്ലബ്ബ് | SMC,PTA, പൂർവ്വവിദ്യാർത്ഥികൾ |

| | | | | |
|---|---|---|---|---|
| ശാസ്ത്ര സാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക | GIS / GPRS സൗകര്യങ്ങളുപയോഗിച്ച് കൃഷിയിടങ്ങൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരശേഖരണം നടത്തിയുള്ള താരതമ്യ പഠനം | ഹ്രസ്വകാലം | അധ്യാപകർഎസ് ആർ ജി എസ് എസ് ക്ലബ്ബ് | SITC,JSITC, |
| സാമൂഹ്യ ശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനും അറിവു കൾ അപ്ഡേറ്റ് ചെയ്യാനുമായി സ്കൂൾ സാമൂഹ്യ ശാസ്ത്ര കോർണർ | അധികവായനയ്ക്ക് ഉതകുന്ന പുസ്തകങ്ങൾ, അറ്റ്ലസ്, ഇയർബുക്ക്, എന്നിവ ക്രമീകരിച്ച് സാമൂഹ്യ ശാസ്ത്ര കോർണർ ഒരുക്കൽ<br><br>ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം | വർഷം മുഴുവനും | SMC,PTA,പൂർവ്വ വിദ്യാർത്ഥികൾ | SRG<br>RS 1000 |
| ചരിത്രാവബോധമുണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുത്തുന്നതിനുമായി ഒരു ചരിത്ര മ്യൂസിയം | * വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ, രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും പുരാരേഖകളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ | വർഷം മുഴുവൻ | SSഅധ്യാപകർ<br>SRG,<br>SS Club | SMCPTAപൂർവ്വവിദ്യാർത്ഥികൾ |
| സാമൂഹ്യ ശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യ ശാസ്ത്രത്തിനു ള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ്<br><br>(വിവിധ തരം ഗ്ളോബ്, ഭൂപഠങ്ങൾ, മാതൃകകൾ, പ്രവർത്തന മാതൃകകൾ, ടെലസ്കോപ്പ് പോലെയുള്ള ഉപകരണങ്ങൾ | നാല് മാസം | SSഅധ്യാപകർ<br>SRG,<br>SS Club | SRG<br>SMC<br>PTA<br>SSA |

| | | | | |
|---|---|---|---|---|
| | മുതലായവ) | | | |
| ആനുകാലിക വിഷയങ്ങളിലേക്ക് തെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ് | * സമകാലിക പ്രസക്തമായ വിഷയങ്ങളിലൂന്നി ആശയപരമായ സംവാദ ങ്ങൾ, ചർച്ച, പാനൽ ചർച്ച, പ്രഭാഷണം തുടങ്ങിയവ<br><br>* പ്രദേശത്തിന്റെ വിവിധ കോർണറുകളിലും ഇത്തരം പരിപാടികൾ സംഘടിപ്പിക്കുന്നു | മാസത്തിൽ ഒന്ന് | SS ക്ലബ് ഡിബേറ്റ് ക്ലബ് | SRG അധ്യാപകർ സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| ഇന്ത്യയുടെ സാംസ്യകാരികമായ വൈവി ധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ് | * വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ<br><br>വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പി 263ി.<br><br>സാധ്യമെങ്കിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള സംഘത്തിന്റെ സ്കൂൾ സന്ദർശനം | വർഷത്തിൽ ഒന്ന് | അധ്യാപകർSRG | SRG അധ്യാപകർ സ്കൂളിലെ മറ്റു ക്ലബ്ബുകൾ നെഹ്റു യുവ കേന്ദ്ര |
| പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കലും ഉറപ്പിക്കലും | * ചരിത്ര- സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം<br><br>* കൊണ്ടോട്ടി വൈദ്യർ അക്കാദമി, കുടക്കല്ല്, ചാലിയാർ തീരങ്ങൾ, കടലുണ്ടി അഴിമുഖം, കാലിക്കറ്റ് യൂണിവേഴ്സിറ്റി, PSMO College ചരിത്ര വിഭാഗം, കൊണ്ടോട്ടിയിലെയും പരിസരത്തെയും ചരിത്ര ശേഷിപ്പുകൾ, വലിയതോട് സ്രോതസ്സ് മുതൽ പതനസ്ഥലം വരെ പഠനയാത്രകൾ<br><br>* ചരിത്രം രേഖപ്പെടുത്തി റെഫറൻസിനായി സൂക്ഷിക്കൽ | വർഷം മൂന്നെണ്ണം | അധ്യാപകർ SRG SS ക്ലബ്ബ് | SMC PTA പൂർവ്വ വിദ്യാർത്ഥികൾ, ഗവേഷകർ, പഞ്ചായത്ത് ,വിവിധ സ്ഥാപനങ്ങൾ |

# അക്കാദമിക് മാസ്റ്റർപ്ലാൻ

ഫിസിക്സ് കെമിസ്ട്രി

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| പഠനപിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യക പരിശീലനം നൽകുക. | അധ്യാപകൻ-കു ,കുട്ടി -കുട്ടി എന്ന രീതിയിൽ പരിശീലനം നൽകുക | ആഴ്ചയിൽ മൂന്ന് ദിവസം വൈകുന്നേരം | SRG സയൻസ്അധ്യാപകർ | |
| കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്താൻ ആവശ്യമായ പ്രവർത്തനങ്ങൾ | ലളിതമായ പരീക്ഷണങ്ങൾ അചെയ്യാനുള്ള അവസരം എല്ലാ വിദ്യർത്ഥികൾക്കും നൽകുക, അവയുടെ പ്രദർശനം സംഘടിപ്പിക്കുക | രണ്ടു മാസത്തിൽ ഒരുതവണ | സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര മേളയിൽ പങ്കാളിത്തം വർധിപ്പിക്കുക | മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുക | മൂന്നുമാസംജൂലൈ ഓഗസ്റ്റ് സെപ്റ്റംബർ | സയൻസ് ക്ലബ് | PTA |
| ശാസ്ത്ര ലാബ് നവീകരണം | കാലാനുസൃതമായ ഉപകരണങ്ങളും മറ്റു സാമഗ്രികളും സജ്ജീകരിക്കുക | ജൂലൈ മുതൽ | സയൻസ് ക്ലബ്ബ് | |
| പാരമ്പര്യേതര ഊർജ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തുക | സ്കൂൾ കെട്ടിടത്തിന് മുകളിൽ സോളാർ പാനൽസ്ഥാപിക്കുക.ഇതിലൂടെ സ്കൂളിന് ആവശ്യമുള്ള വൈദ്യതി | ഒരു വർഷം | പിടിഎ ജില്ലാ പഞ്ചായത്ത് എംഎൽഎ | MLA/MP FUND |

| | | | | |
|---|---|---|---|---|
| | ലഭ്യമാക്കുക | | | |
| ശാസ്ത്ര പുസ്തക റിവ്യൂ | ശാസ്ത്ര പുസ്തകങ്ങൾ വായിക്കുന്നതിനുള്ള താല്പര്യം കൂടാൻ വേണ്ടി ക്ലാസ്സിൽ ശാസ്ത്ര ലൈബ്രറി രൂപീകരിക്കുക. വായന മത്സരങ്ങൾ സംഘടിപ്പിക്കുക | മാസത്തിൽ ഒരു തവണ | ലൈബ്രറി ചാർജ് ഉള്ള അധ്യാപകൻ സയൻസ് അധ്യാപകർ | |

## പത്താംതരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിൽ ഒരു നിശ്ചിത നിലവാരത്തിൽ താഴെയുള്ള വിദ്യാർത്ഥികൾക്ക് | ബിയർ ഗ്രൂപ്പ് രൂപീകരിക്കുന്നു ഓരോ ഗ്രൂപ്പിലും വരുന്ന പിന്നോക്കാവസ്ഥയിലെ വിദ്യാർത്ഥികൾക്ക്പരിശീലനം പിയർ ഗ്രൂപ്പിൽ ലീഡർ പഠനത്തിന് സഹായിക്കുന്നു | ആഴ്ചയിൽ മൂന്ന് ദിവസം | SRGസയൻസ് അധ്യാപകർ | |
| ചോദ്യപേപ്പർ നിർമ്മാണ ഗ്രൂപ്പ് രൂപീകരിക്കൽ | ഓരോ ക്ലാസുകളും അഞ്ച് ഗ്രൂപ്പുകളായി തിരിച്ച് ഗ്രൂപ്പ് പ്രവർത്തനത്തിന് ചോദ്യപേപ്പർ നിർമ്മിക്കുക | രണ്ട് ആഴ്ചയിൽ ഒരു ദിവസം | സയൻസ് അധ്യാപകർ ഗ്രൂപ്പ് ലീഡേഴ്സ് | |
| വർക്കിംഗ് മോഡൽ നിർമ്മാണം | ഭാഗവുമായി ബന്ധപ്പെട്ട വർക്കിംഗ് മോഡൽ നിർമിക്കുക | രണ്ടു മാസത്തിലൊരിക്കൽ | പിടിഎ സയൻസ് അധ്യാപകർ | പിടിഎ |
| പ്രണോദിതകമ്പനം അണുനാദം എന്നിവയും | സംഗീത അധ്യാപകന്റെ മേൽനോട്ടത്തിൽ | ജൂൺ | സയൻസ് അധ്യാപകർ സംഗീത അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| സംഗീതോപകരണങ്ങളും തമ്മിലുള്ള ബന്ധം മനസ്സിലാക്കുന്നു | സംഗീതോപകരണങ്ങൾ പരിചയപ്പെടുന്നു | | | |
| ടെലസ്കോപ്പ് നിർമ്മാണം | ക്ലാസ് സ്ഥലത്തിൽ ഗ്രൂപ്പായി നിർമ്മിക്കുന്നു | ജൂലൈ | സയൻസ് അധ്യാപകർ ഗ്രൂപ്പിലീഡേഴ്സ് | |

## ഒൻപതാം തരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| ട്രാഫിക് നിയമങ്ങൾ, റോഡ് സുരക്ഷാ പഠനം | റോഡ് സുരക്ഷാ നിയമ ക്ലാസ്സുകൾ നടത്തുക | ജൂലൈ | ട്രാഫിക് പോലീസ് എസ് പി സി എസ് ആർ ജി | |
| പാഠപുസ്തകത്തിൽ പരാമർശിച്ചിരിക്കുന്ന ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രംമനസിലാക്കുക. | വിദ്യാർഥികൾ ഗ്രൂപ്പ് തിരിച്ച തയ്യാറാക്കുന്ന പ്രസന്റേഷൻ പ്രദ ർശനം | ഓഗസ്റ്റ് | സയൻസ് അധ്യാപകർ | |
| ആപേക്ഷിക സാന്ദ്രത യുടെ പ്രായോഗിക ഉപയോഗം മനസിലാക്കുക | മിൽമ ബൂത്ത് സന്ദർശനം | സെപ്റ്റംബർ | സയൻസ് അധ്യാപകർ | |
| സയൻസ് ലാബിൽ പീരിയോഡിക് ടേബിൾ ചുമർ ചിത്രംതയ്യാറാക്കൽ | ക്ലാസ്സിലെ വരയ്ക്കാൻ അറിയുന്ന വിദ്യാർഥികൾ | ജൂലൈ -ഓഗസ്റ്റ് | സയൻസ് ക്ലബ്ബ് | PTA |
| സെർകീട്ട് | ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ഗ്രൂപ്പ് പ്രവർത്തനം | ഒക്ടോബർ | സയൻസ് ക്ലബ് | |

| | | | | |
|---|---|---|---|---|
| നിർമാണം | | | | |
| സ്പോർട്സും ഫിസിക്സും | സ്പോർട്സും ഫിസിക്സും തമ്മിലുള്ള ബന്ധം -ചലനം ചലന നിയമങ്ങൾ എന്നിവയെആസ്പദമാക്കിയുള്ള സെമിനാർ | ഓഗസ്റ്റ് | സയൻസ് അധ്യാപകൻ ഫിസിക്സ് അധ്യാപകൻ | |
| പെരിസ്കോപ്പ് നിർമ്മാണം | ക്ലാസ് തലത്തിൽഗ്രൂപ്പായി നിർമ്മാണം | ജൂലൈ | അധ്യാപകർ ഗ്രൂപ്പ് ലീഡേഴ്സ് | |

## എട്ടാം തരം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര മാഗസിൻ നിർമാണം | ക്ലാസ് തലത്തിൽ ഗ്രൂപ്പായി നിർമിക്കുന്നു | ജൂലൈ -ഓഗസ്റ്റ് | സയൻസ് അധ്യാപകർ<br><br>സയൻസ് ക്ലബ്ക്ലാസ് മാഗസിൻ എഡിറ്റർ | |
| മൂലക കാർഡ് നിർമാണം | മൂലകങ്ങളുടെ പേര് പ്രതീകം അടങ്ങിയ കാർഡ് നിർമാണം ക്ലാസ് തലം | -ഓഗസ്റ്റ് | സയൻസ് അധ്യാപകർ | |
| പുസ്തക ക്വിസ് | പാഠ സംബന്ധമായ ക്വിസ് മത്സരം | മാസത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ | |
| അളവുകൾ തൂക്കങ്ങൾ എന്നിവ വ്യക്തമാകാനുള്ള പ്രവർത്തനം | പ്രദേശത്തുള്ള പൊതു വിതരണ കേന്ദ്ര സന്ദർശനം | ജൂൺ | സയൻസ് അധ്യാപകർ | |
| ട്രാഫി ക് നിയമങ്ങൾ, റോഡ് | വിദ്യാർത്ഥികൾ ഗ്രൂപ്പായി ട്രാഫിക് നിയമം സാങ്കൽപ്പിക | സെപ്റ്റംബർ | | |

| | | | | |
|---|---|---|---|---|
| സുരക്ഷാ പഠനം | മാതൃക അവതരിപ്പിക്കുക | | | |

**അക്കാദമിക് മാസ്റ്റർപ്ലാൻ**

ആരോഗ്യ കായിക മേഖല

സോഷ്യൽ മീഡിയയുടെ അതിപ്രസരമുള്ള ഈ കാലഘട്ടത്തിൽ കുട്ടികൾ കായിക വിനോദങ്ങൾക്കായി ഗ്രൗണ്ടിൽ ഇറങ്ങുന്നത് വളരെ കുറവാണ് സാഹചര്യത്തിൽ സ്കൂൾ പഠനത്തോടൊപ്പം ആരോഗ്യത്തെക്കുറിച്ചും, കളികളിലൂടെ ശാരീരികവും, കുട്ടികൾ മാനസികവും, സാമൂഹികവും, വൈകാരികമായും വളർച്ച കൈവരിക്കേണ്ട പ്രവർത്തനങ്ങൾ നടത്തേണ്ടത് അത്യന്താപേഷിതമാണ്.

ആരോഗ്യകായിക വിദ്യാഭ്യാസം കുട്ടികളിലെത്താൻ ആവശ്യമായ മികച്ച പാഠപുസ്തകം, നമുക്ക് ലഭ്യമാണ് ഇതിലൂടെ മൈനർ ഗെയിംമുകൾ പരിചയപെടുന്നതോടൊപ്പം മേജർ ഗെയിമുകളായ ഫുട്ബോൾ, ഖൊ-ഖൊ, ബാഡ്മിന്റൺ, അത്ലറ്റിക്സ്, നീന്തൽ ഇവയിലെല്ലാം കുട്ടികൾ കൃത്യമായി പരിശീലനത്തിൽ ഏർപ്പെടേണ്ടതുണ്ട്.

സബ്ജില്ല. ജില്ലാ മത്സരങ്ങളിൽ പങ്കെടുക്കുന്നതോടൊപ്പം സമൂഹത്തിൽ മാതൃകാപരമായി മികച്ചു ആരോഗ്യവാൻമാരായി നിലനിൽക്കാൻ ഉതകുന്ന രീതിയിൽ പാഠ്യപദ്ധതി തയ്യാറാക്കിയിരിക്കുന്നു

കൂടാതെ കായിക പ്രവർത്തനങ്ങളായ സ്പോർട്സ് മീറ്റ്: കായിക ദിനാചരണങ്ങൾ. ആരോഗ്യ ബോധവൽക്കരണ പരിപാടികൾ, ലഹരി വിമുക്ത പരിപാടികൾ, ലോകത്തിലെ പ്രധാന സ്പോർട്സ് താരങ്ങളെ അറിയുന്നതിനുവേണ്ടിയുള്ള പുസ്തകങ്ങളുടെ ലഭ്യത എല്ലാം തന്നെ ലൈബ്രറിയിൽ ഒരുക്കിയിരിക്കുന്നു.

ഒരു മികച്ച കായികതാരത്തെ എന്നപോലെ "എല്ലാവർക്കും സ്പോർട്സ്" എന്ന സന്ദേശം ഉൾക്കൊണ്ട് പ്രവർത്തിക്കുമ്പോൾ നമ്മുടെ വാണിയമ്പലം പ്രദേശത്തും നല്ലൊരു കായിക സംസ്കാരം ഉടലെടുക്കും അതിലൂടെ മികച്ച കായിക താരങ്ങളെ വാർത്തെടുക്കാൻ കഴിയുമെന്നു നമുക്ക് പ്രത്യാശിക്കാം.

| **ലക്ഷ്യം** | **പ്രവർത്തനം** | **കാലം** | **ചുമതല** | **പിന്തുണ /സാമ്പത്തികം** |
|---|---|---|---|---|
| കുട്ടികളിലെ കായിക അഭിരുചി വളർത്തുന്നതിലൂടെ സബ്ജില്ല,ജില്ല, സംസ്ഥാന തലത്തിൽ പങ്കെടുക്കുന്നതിനുള്ള അവസരം. | വിവിധ കായികയിനങ്ങൾ കുട്ടികൾക്ക് ക്യാമ്പായി നൽകുന്നു.<br><br>ഫുട്ബോൾ<br>ബാഡ്മിൻറൺ<br>ഖൊ-ഖൊ<br>അത്ലറ്റിക്സ്<br>നീന്തൽ | ജൂൺ-ജനുവരി | കായിക അധ്യാപകൻ, സ്പെഷ്യൽ കോച്ച്, | വിവിധ ക്ലബ്ബുകൾ പിടിഎ ജനപങ്കാളിത്തം |
| കുട്ടികളിൽ ആരോഗ്യ സംരക്ഷണ-ത്തിൻറെ അവബോധം വളർത്തൽ. | ഹെൽത്/ ലഹരി ക്ലബിൻറ രൂപീകരണം. | ജൂൺ | കായിക അധ്യാപകൻ PHC | |
| എല്ലാവിദ്യാർത്ഥികളിലും സ്കൂൾതലത്തിൽ മത്സരിക്കുന്നതിനുള്ള അവസരം | ഇൻട്രാമുറൽ മത്സരങ്ങളുടെ നടത്തിപ്പ്<br>ഫുട്ബോൾ<br>ബാഡ്മിൻറൺ<br>അത്ലറ്റിക്സ്<br>ഖൊ-ഖൊ | ജൂൺ ജനുവരി | കായിക അധ്യാപകൻ സ്കൂളിലെ എല്ലാ അധ്യാപകരും | PTA FUND |
| അറിവ്, വായനാശീലം | സ്കൂൾ ലൈബ്രറിയിൽ | സെപ്റ്റംബർ | വിവിധ സംഘടനകൾ | പിടിഎ ഫണ്ട് വിവിധ |

| | | | | |
|---|---|---|---|---|
| വളർത്തൽ. | കായിക മേഖലയിലെ ഉന്നതരായവരുടെ പുസ്തകങ്ങളുടെ ലഭ്യത ഉറപ്പാക്കൽ | | PTA | സംഘടനകൾ |
| ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലത്തെക്കുറിച്ചുള്ള അറിവ് നേടുക. | ലഹരി പദാർത്ഥങ്ങളുടെ ദൂഷ്യഫലത്തെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസുകൾ | ജൂൺ ജൂലായ് | | |
| സ്വയം അറിവ് നേടി, നാടിന് ഉപകാരപ്രദമാവുന്ന രീതിയിൽ കുട്ടിയുടെ വളർച്ച | റോഡ് സുരക്ഷ ക്ലാസ് | ഒക്ടോബർ | | |

# അക്കാദമിക്  മാസ്റ്റർപ്ലാൻ

## ബയോളജി

### പൊതു ലക്ഷ്യങ്ങൾ

- ജീവശാസ്ത്രം പഠിക്കുന്നതിനായി താല്പര്യം വളർത്തുക
- ശാസ്ത്ര അവബോധം സൃഷ്ടിക്കുക
- ശാസ്ത്ര മനോഭാവം വികസിപ്പിക്കുക
- ശാസ്ത്ര പ്രക്രിയ ശേഷികൾ വികസിപ്പിക്കുക
- ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക
- ആധുനിക സൗകര്യങ്ങളോടെയുള്ള ലാബ് സജ്ജമാക്കുക
- ശാസ്ത്രരംഗത്തെ നൂതന ആശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക

- ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിനായി പ്രയോജനപ്പെടുത്തുക

| പ്രവർത്തനം | ലക്ഷ്യം | കാലയളവ് | സാമ്പത്തികം | ചുമതല |
|---|---|---|---|---|
| സ്കൂൾ ക്യാമ്പസ് ശുചീകരണം | കുട്ടികളിൽ ശുചിത്വ മനോഭാവം വളർത്തുന്നു<br>പൊതുമുതൽ സംരക്ഷണ മനോഭാവം സൃഷ്ടിക്കുന്നു | 1 വർഷം | PTA ഫണ്ട് | ഹെൽത്ത് ക്ലബ് |
| സ്കൂൾ പച്ചക്കറി തോട്ട നിർമ്മാണം,<br>ഔഷധ തോട്ട നിർമ്മാണം | കൃഷിയുടെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുന്നു.<br>കൃഷി എന്ന തൊഴിൽ ന്റെ സാധ്യത തിരിച്ചറിയുന്നു | 6മാസം | ക്ലാസ് ഫണ്ട് | SPC & SCIENCE CIUB |
| പഠനയാത്രകൾ, പ്രകൃതി പഠന ക്യാമ്പുകൾ,field trip | പ്രകൃതിയും ജീവജാലങ്ങളും തമ്മിലുള്ള അവിഭാജ്യ ബന്ധത്തെ തിരിച്ചറിയുന്നു | ഒക്ടോബർ | ക്ലാസ് ഫണ്ട് | PTA,TEACHERS,STUDENTS |
| ശാസ്ത്രജ്ഞന്മാരുടെ ജന്മദിനം ആചരിക്കൽ | ശാസ്ത്രലോകത്തെ സംഭാവനകളെ കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു | 7മാസം | ക്ലാസ് ഫണ്ട് | കുട്ടികൾ,അധ്യാപകർ |

| | | | | |
|---|---|---|---|---|
| രക്ത ഗ്രൂപ്പ് നിർണയ ക്യാമ്പ്, രക്തദാനദിന സന്ദേശം | ലാബ് പരിശോധനകളുടെ,പ്രാധാന്യം, രക്തദാനത്തിന്റെ മഹത്വം മനസ്സിലാക്കുന്നു | ഓഗസ്റ്റ് | sponsored | PRIVATE LAB |
| കുടിവെള്ള സംരക്ഷണ പ്രവർത്തനങ്ങൾ കുടിവെള്ള പരിശോധന | ജലസംരക്ഷണത്തിന്റെ പ്രാധാന്യം, ജലത്തെ മലിനമാക്കുന്ന ബാക്ടീരിയകളെ കുറിച്ചും മറ്റു രോഗാണുക്കളെ കുറിച്ചുള്ള അറിവ് നേടുന്നു | ജൂലൈ<br>സെപ്റ്റംബർ<br>നവംബർ | PTA ഫണ്ട് | കുട്ടികൾ അധ്യാപകർ<br>രക്ഷകർത്താക്കൾ |
| ശാസ്ത്ര ഉപകരണം നിർമ്മാണം ശാസ്ത്ര മാഗസിൻ,ലഘു പരീക്ഷണങ്ങൾ | സയന്റിഫിക് ടെംപർ വികസനം, പ്രായോഗികശേഷി വർദ്ധിപ്പിക്കുക, പരീക്ഷണങ്ങളിലൂടെ ശാസ്ത്ര പ്രവർത്തനങ്ങൾ മനസ്സിലാക്കുക, മോഡലുകൾ നിർമ്മിക്കുവാൻ കഴിയുന്നു. | ഒക്ടോബർ<br>പഠന ആവശ്യ പ്രകാരം ആവശ്യമായമാസങ്ങൾ | student & school funds | ശാസ്ത്ര അധ്യാപകർ |
| ലഹരി വിരുദ്ധ ബോധവൽക്കരണ ജാഥ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | ലഹരിയാപതാണെന്നുള്ള തിരിച്ചറിവ് ലഭിക്കുന്നു.<br>ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പ്രോത്സാഹിപ്പിക്കുന്നു | 1 വർഷം | PTA ഫണ്ട്<br>വിമുക്തി ഫണ്ട് | അധ്യാപകർ രക്ഷകർത്താക്കൾ കുട്ടികൾ |

Remarks: സ്കൂളിന്റെ പ്രത്യേക ആവശ്യ പ്രകാരം തയ്യാറാക്കിയിട്ടുള്ള പദ്ധതികളും ഇതിൽ ഉൾപ്പെട്ടേക്കാം

# അക്കാദമിക് മാസ്റ്റർപ്ലാൻ

WORK INTEGRATED EDUCATION

വൈകാരികവും വൈജ്ഞാനികവുമായ മേഖലകളുടെ സമന്വയവും വികാസവും സാധ്യമാക്കുന്നത് തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭാസം അനിവാര്യമാണ് .

ഓരോ പ്രവർത്തി പഠന ക്ലസ്സിന്റെയും അടിത്തറ മാനവശേഷി വികാസമാണ് എല്ലാ പൗരന്മാരുടെയും ശേഷികളും കഴിവുകളും രാഷ്ട്രനിർമ്മാണതിനുതകുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് മാനവശേഷി വികസനം കൊണ്ട് ഉദ്ദേശിക്കുന്നത്. തൊഴിലിനോട് ആഭിമുഖ്യമുള്ളതും തൊഴിൽ ചെയ്യുന്നവരെ ആദരിക്കുന്നതും സാമൂഹിക ബോധമുള്ള പുതിയ ഒരു തൊഴിൽ സംസ്കാരത്തിന്റെ വക്താകളക്കി പുതിയ തലമുറകളെ വാർത്തെടുക്കുന്നതും പ്രവർത്തി പംനത്തിന്റെ സുപ്രധാന ലക്ഷ്യങ്ങളാണ് .

## പൊതുലക്ഷ്യങ്ങൾ

- തൊഴിൽ സന്നദ്ധത
- മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ
- സന്തുലിത വ്യക്തിത്വവികസനം
- കലാപരമായ കഴിവുകൾ നേടുക
- വരക്കാനും അളക്കാനും മുറിക്കാനും മൊക്കെയുള്ള അറിവുകൾ നേടുന്നു
- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

## WORK INTEGRATED EDUCATION
## MASTER PLAN 2025-26

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | സാമ്പത്തികം | ചുമതല | പിന്തുണ |
|---|---|---|---|---|---|
| കൃഷി _ മുഴവൻ കുട്ടികളെയും പാഠാനുഭവങ്ങളുടെ ഭാഗമാക്കൽ വിവിധ പുഷ്പാലങ്കാരത്തെക്കുറിച്ചുള്ള അറിവ് നേടൽ പൂക്കളിൽ നിന്നുള്ള | സ്കൂൾ പരിസരത്തും വീടുകളിലും പുഷ്പകൃഷി നടത്തുന്നു വിവിധ പുഷ്പലങ്കാര രീതികൾ പരിചയപ്പെടുന്നു റോസ് വാട്ടർ നിർമ്മാണം | June _ July | 1000 | WIE Teacher | HM |

| | | | | | |
|---|---|---|---|---|---|
| മൂല്യവർദ്ധത ഉൽപന്നങ്ങൾ തിരിച്ചറിയൽ | | | | | |
| പ്ലംബിംഗ് _ ഡ്രിപ് ഇറിഗേഷൻ സംവിധാനത്തിലൂടെ കൃഷിയിടങ്ങളിൽ ജലം എത്തിക്കുന്നതിനുള്ള പ്രായോഗിക പരിശീലനം നേടുക പ്ലംബിംഗ് രീതിയിൽ പരിശീലിപ്പിക്കുക നൂതന ആശയങ്ങൾ നേടുക | ഡ്രിപ് ഇറിഗേഷൻ സംവിധാനം ഐസിടി സഹായത്തോടെ വിവരിക്കുക | July _ August | _ | WIE Teacher | HM |
| മാധ്യമങ്ങളും വിനോദവും_ ഡോക്യുമെന്റേഷൻ നെ കുറിച്ചുള്ള കൃത്യമായ ധാരണ നേടുന്നു എഴുത്ത് ഓഡിയോ വീഡിയോ ഡോക്യുമെന്റേഷനുകൾ പ്രത്യേകം മനസ്സിലാക്കാൻ സാധിക്കുന്നു | സ്കൂളുകളിൽ നടക്കുന്ന പരിപാടികൾ പ്രവർത്തനങ്ങൾ എന്നിവ എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകളും രേഖകളുമായും ഡിജിറ്റൽ ഫയലുകളും ഡാറ്റാബേസുകളും ആയും ചിത്രങ്ങൾ വീഡിയോകൾ എന്നിങ്ങനെ വിവിധ രൂപത്തിൽ ഡോക്യുമെന്റേഷൻ നടത്തുന്നു | August _September | _ | WIE Teacher | HM |
| പ്രിന്റിങ് ആൻഡ് സ്റ്റേഷനറി _ വിവിധ ആവശ്യങ്ങൾക്ക് അനുസരിച്ച് സ്വന്തമായി എൻവലപ്പുകൾ നിർമ്മിക്കാനുള്ള കഴിവ് നേടുന്നു കേടുവന്ന പുസ്തകങ്ങൾ ലൈബ്രറി പുസ്തകങ്ങൾ ഇവ ബൈൻഡ് ചെയ്തു മനോഹരമാക്കാൻ കഴിവ് നേടുന്നു | എൻവലപ്പ് നിർമ്മാണം ലൈബ്രറി പുസ്തകങ്ങളുടെ നവീകരണം | September _November | 1000 | WIE Teacher | HM, PTA |

| | | | | | |
|---|---|---|---|---|---|
| പാഴ് വസ്തു പരിപാലനം_ മാലിന്യ സംസ്കരണത്തിന് പാഴ്വസ്തുക്കളുടെ തരംതിരിക്കൽ ഉറവിടം മുതൽ തന്നെ വേണമെന്ന് ബോധ്യപ്പെടുക വരും തലമുറയ്ക്ക് കൂടി അവകാശപ്പെട്ടതാണെന്ന തിരിച്ചറിവ് നേടുന്നു പൈതൃക മാലിന്യത്തെ കുറിച്ചുള്ള അറിവ് നേടുന്നു | ക്ലാസ് റൂമുകളിൽ രണ്ട് വേസ്റ്റ് ബാസ്കറ്റുകളിൽ പേപ്പറും പ്ലാസ്റ്റിക്കും വേർതിരിച്ചു തന്നെ നിക്ഷേപിക്കുന്നു | November _December | 1000 | WIE Teacher | HM, PTA |
| വസ്ത്ര കല_ വസ്ത്രങ്ങളിലെ വ്യത്യസ്തതരം ഉപരിതല അലങ്കാരങ്ങളെ കുറിച്ച് അറിവ് നേടുന്നു | ചിത്ര തുന്നലിന്റെ ഒരു ശിൽപ്പശാല സ്കൂളിൽ സംഘടിപ്പിക്കുന്നു | 2 Week | 1000 | WIE Teacher | HM, PTA |
| ടൂറിസം_ ടൂറിസം മാപ്പ് ഉപയോഗിച്ച് പുതിയ ടൂറിസം സർക്യൂട്ട് കണ്ടെത്താനുള്ള കഴിവ് നേടുന്നു ടൂർ ഐറ്റിനറി തയ്യാറാക്കാനുള്ള ശേഷി നേടുന്നു | സ്കൂൾ പഠന യാത്രയ്ക്ക് ആവശ്യമായ ടൂറിസം സർക്യൂട്ടുകൾ വിദ്യാർത്ഥികളിൽ നിന്ന് സ്വീകരിക്കുന്നു | 2 Week | _ | WIE Teacher | HM, PTA |
| ഭക്ഷ്യ വ്യവസായം_ വിവിധതരത്തിലുള്ള കേക്കുകളെ കുറിച്ചുള്ള അറിവ് നേടുന്നു കേക്കിന്റെ വിപണന സാധ്യത തിരിച്ചറിയുന്നു | സ്കൂളിൽ ഒരു ഫുഡ് ഫെസ്റ്റ് സംഘടിപ്പിക്കുന്നു | 2Week | 5000 | WIE Teacher | HM, PTA |
| പാർപ്പിടം_ രൂപരേഖകൾ വരയ്ക്കാനുള്ള കഴിവ് നേടിയെടുക്കുന്നു ഡ്രാഫ്റ്റിംഗ് ഉപകരണങ്ങൾ തിരിച്ചറിയാനും കൃത്യതയോടെ ഉപയോഗിക്കാനുമ | ഇൻസ്ട്രമെന്റ് ബോക്സിലെ ഡ്രാഫ്റ്റിംഗ് ഉപകരണങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ആർച്ചുകൾ വരച്ച് ക്ലാസിൽ പ്രദർശിപ്പിക്കു | 3Week | _ | WIE Teacher | HM |

| | | | | | |
|---|---|---|---|---|---|
| ള്ള ശേഷി നേടിയെടുക്കുന്നു | ന്നു | | | | |
| കരകൗശലം_ വിവിധ വസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് വ്യത്യസ്തവും ഉപകാരപ്രദവുമായ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള ശേഷി വികസിപ്പിച്ചെടുക്കുന്നു | വിവിധ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ഉൽപ്പന്നങ്ങളുടെ പ്രദർശനം സ്കൂളിൽ സംഘടിപ്പിക്കുന്നു | 2Week | _ | WIE Teacher | HM, PTA |
| ഇലക്ട്രിക്കൽ ആൻഡ് ഇലക്ട്രോണിക്സ് _ ബ്രെഡ് ബോർഡ് ഉപയോഗിച്ച് സർക്യൂട്ട് നിർമ്മിക്കാനുള്ള ശേഷി നേടുന്നു ഒരു എൽഇഡി ബൾബ് പ്രകാശിപ്പിക്കാനുള്ള കഴിവ് നേടുന്നു സോൾഡറിങ് അയൺ ഉപയോഗിച്ച് സോൾഡർ ചെയ്യാനുള്ള കഴിവ് നേടുന്നു | സ്കൂളിൽ ഒരു എൽഇഡി ബൾബ് നിർമ്മാണ പരിശീലനം സംഘടിപ്പിക്കുന്നു | 2 Week | 2000 | WIE Teacher | HM, PTA |
| ധനകാര്യം_ നികുതികളെ കുറിച്ചുള്ള ധാരണ നേടുന്നു | നികുതികളുടെ മേന്മകളെ കുറിച്ചും പോരായ്മകളെക്കുറിച്ചും ഒരു സെമിനാർ ക്ലാസിൽ സംഘടിപ്പിക്കുന്നു | 2 Week | _ | WIE Teacher | HM |